(സി) ഈ വായ്പകരാറിലെ വ്യവസ്ഥകൾ എല്ലാം തന്നെ വായ്പ എടുത്ത ആൾ പാലിയ്ക്കപ്പെടുന്നതാണെന്നും സമ്മതിയ്ക്കുന്നു.

9.3 ജാമ്യക്കാർ ഇതിനാൽ വ്യക്തമായി സമ്മതിയ്ക്കുന്നതാണ് ടിയാൾ/ടിയാൻ ഏതെങ്കിലും തരത്തിലുള്ള തെളിവോ അതായത് വായ്പ കൊടുത്ത ആളിന്റെ ഏതുവിധേനയമുള്ള രേഖാമൂലമുള്ള അറിയിപ്പ് മറ്റൊന്നും കൂടാതെ ഈ കരാറിൽ വിവരിച്ച മേൽവിലാസത്തിൽ ജാമ്യക്കാരനെ ഏതെങ്കിലും തരത്തിലുള്ള തിരിച്ചടവിലെ വീഴ്ചകൾ അറിയിക്കുന്നതാണെന്ന വസ്തുത. വായ്പ കൊടുത്ത ആളിന്റെ ഉദ്യോഗസ്ഥന്റെ കയ്യൊപ്പു പതിച്ച വായ്പ തിരിച്ചടവുതുകയും തിരിച്ചടവിനുള്ള സമയവും തീയ്യതിയും രേഖപ്പെടുത്തിയ ടിയാളുടെ കൈയ്യൊപ്പു പതിച്ച എഴുതി തയ്യാറാക്കിയ ഒരു സർട്ടിഫിക്കറ്റ് ജാമ്യക്കാരനെതിരെയുള്ള വ്യക്തമായ തെളിവായി കണക്കാക്കപ്പെടുന്നതാണ്.

9.4 ജാമ്യക്കാരൻ ആദ്യത്തെ നിർദ്ദേശത്തിൽ തന്നെ ബാക്കി തുക തിരിച്ചടയ്ക്കേണ്ടതും ആയതിനു യാതൊരുവിധ നിരാകരണമോ മറ്റു വ്യവസ്ഥകളോ എന്തെങ്കിലും തടസ്സവാദങ്ങളോ വായ്പ എടുത്തയാളിന്റെ തായിട്ടോ മറ്റാരുടെയെങ്കിലുമായോ ഉന്നയിക്കുവാൻ പാടില്ലാത്തതും ആകുന്നു. ജാമ്യക്കാരൻ മേൽ നടപടികളിൽ യാതൊരു വിധ ന്യായീകരണങ്ങളും വായ്പ കൊടുത്ത ആളിൽ നിന്നും ആവശ്യപ്പെടുവാൻ പാടില്ലാത്തതും ജാമ്യക്കാരന് വായ്പ കൊടുത്ത ആളിന്റെ മേൽ ഇതു സംബന്ധിച്ച് യാതൊരു വിധ അധികാരവും ഇല്ലാതിരിയ്ക്കുന്നതുമാണ്.

9.5 ജാമ്യക്കാരൻ ഇതിനാൽ വ്യക്തമായി സമ്മതിയ്ക്കുന്നതാണ് ഈ ജാമ്യം വായ്പ എടുത്ത ആളിന്റെ ഈ കരാറിലെ വായ്പ ബാദ്ധ്യത തീരുന്നതുവരെ തുടർന്നു പോകുന്നതാണെന്നും ജാമ്യക്കാരൻ അതു മുഴുവൻ തീരുന്നതു വരെ തുടർന്നു പോകേണ്ടതും ആണ്. ജാമ്യക്കാരന്റെ ബാദ്ധ്യത വായ്പ എടുത്ത ആളിനോടൊപ്പം ഒറ്റയ്ക്കായും കൂട്ടായും ഉള്ളതാണ്.

9.6 ജാമ്യക്കാർ ഇതിനാൽ വ്യക്തമായി സമ്മതിയ്ക്കുന്നതാണ് ടിയാളുടെ ബാദ്ധ്യത വായ്പ എടുത്ത ആളിന്റെ ബാദ്ധ്യത തീരുന്നതുവരെ ജാമ്യത്തിന്റെ ഉറപ്പിലേക്കായിട്ടുള്ളതും, ആയതിനാൽ ജാമ്യക്കാരൻ യഥാർത്ഥ വായ്പ എടുത്ത ആളിന്റെ അതേ ഉത്തരവാദിത്വവും ബാദ്ധ്യതയും ഈ വായ്പ കരാറിനാൽ വായ്പ കൊടുത്ത ആളിനോട് ഉണ്ടായിരിയ്ക്കുന്നതും വായ്പ തുക അടച്ചു തീർക്കുവാൻ തയ്യാറുമാണെന്നും.

9.7 ജാമ്യക്കാരൻ ഇതിനാൽ വ്യക്തമായി സമ്മതിയ്ക്കുന്നതാണ് യാതൊരു കാരണവശാലും ജാമ്യക്കാർ വായ്പാ ബാധ്യതയിൽ നിന്നും ഒഴിവാക്കപ്പെടുന്നതല്ലായെന്നും ഈ ജാമ്യം മുഖാന്തിരം ഉണ്ടാകുന്നതോ അല്ലെങ്കിൽ കാലഹരണം മൂലം മല്ലാതെ ഏതെങ്കിലും സാഹചര്യങ്ങൽ ഉണ്ടായിരുന്നാലും.... താഴെ കാണിച്ചിരിയ്ക്കുന്നതായ

(എ) ഏതെങ്കിലും വ്യത്യാസങ്ങൾ അവരുടെ സമ്മതമില്ലാതെ കരാറിലെ വ്യവസ്ഥകൾക്കനുസരിച്ച് വായ്പ കൊടുത്ത ആളും തമ്മിലുണ്ടാവുകയോ

(ബി) വായ്പ എടുത്ത ആളും വായ്പ കൊടുത്ത ആളും തമ്മിലുള്ള ഏതെങ്കിലും കരാർ മുഖാന്തിരം വായ്പ എടുത്ത ആളിനെ സ്വതന്ത്രനാക്കിയാലോ

(സി) വായ്പ കൊടുത്ത ആളിന്റെ ഏതെങ്കിലും പ്രവൃത്തികൾ നിയമപരമായി വായ്പ എടുത്ത ആളിനെ സ്വതന്ത്രനാക്കുന്ന പക്ഷം

ഡി) വായ്പ കൊടുത്ത ആൾ ഏതെങ്കിലും തരത്തിലുള്ള ഒത്തു തീർപ്പുകൾ അല്ലെങ്കിൽ കാലാവധി നീട്ടിക്കൊടുക്കുകയോ ചെയ്യുമ്പോൾ

ഇ) വായ്പ കൊടുത്ത ആൾ ജാമ്യം നഷ്ടപ്പെടുത്തുമ്പോൾ

9.8 ജാമ്യക്കാരൻ സമ്മതിയ്ക്കുന്നതാണ് ടിയാളുടെ ബാദ്ധ്യത രേഖാമൂലമുള്ള നോട്ടീസ് രജിസ്ട്രേഡ് തപാലിൽ അയയ്ക്കുന്ന മുറയ്ക്ക് ആരംഭിയ്ക്കുന്നതാണെന്നും ആയതിന് വായ്പ

കൊടുത്ത ആളിനെതിരെ നടപടി സ്വീകരിക്കുകയോ അയാളിൽ നിന്നും ഈടാക്കുവാൻ ശ്രമിയ്ക്കേണ്ടതാണെന്ന വ്യവസ്ഥപാലിയ്ക്കപ്പെടണം എന്നു നിബന്ധനചെയ്യുന്നതാണെന്നും

9.9 ജാമ്യക്കാരൻ ഇതിനാൽ സമ്മതിയ്ക്കുന്നതാണ് വായ്പ കൊടുത്ത ആളിന്റെ ഏതെങ്കിലും കാരണവശാലുണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾക്കും നഷ്ടത്തിനും, ചിലവിലും, ചാർജ്ജുകൾക്കും (കോടതിച്ചിലവുകൾ വക്കീൽ ഫീസുൾപ്പെടെ) ഉണ്ടാകാവുന്നതും ഇതിൽ നിന്നും ഇതിനോടനുബന്ധിച്ചുണ്ടാകാവുന്നതുമായതിനും അല്ലെങ്കിൽ ഈ കരാറനുസരിച്ച് വായ്പ എടുത്ത ആൾ ഉണ്ടാക്കാവുന്ന ഏതെങ്കിലും വീഴ്ചകൾക്കും വായ്പ എടുത്ത ആൾ ഉത്തരവാദിയായിരിക്കുന്നതാണെന്നും

9.10 ജാമ്യക്കാരൻ ഇതോടെ സമ്മതിയ്ക്കുന്നതാണ് വായ്പ എടുത്ത ആൾക്ക് ഈ വായ്പ കരാർ പ്രകാരമുള്ള ജാമ്യം പ്രാവർത്തികമാക്കുന്നതിനുള്ള അവാകാശവും ആയത് ജാമ്യം നടപ്പിൽ വരുത്തുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും നടപടി ക്രമങ്ങൾ നടത്തുന്നതിനോ (നിയമപരമായോ അല്ലാതെയോ) ജാമ്യക്കാരനെതിരായിട്ടുള്ളതായിട്ടും അങ്ങനെയുള്ള ഏതെങ്കിലും നടപടികൾക്കു മുൻപായോ, ഒപ്പമായോ അല്ലെങ്കിൽ അതിനുശേഷമോ (നിയമപരമായോ അല്ലാതെയോ) വായ്പക്കാരന് എതിരെ ഹാജരാക്കിയിട്ടുള്ളതോ അല്ലെങ്കിൽ ഏതെങ്കിലും പ്രസ്ഥാനത്തിനോ വ്യക്തികൾക്കോ എതിരായിട്ടുണ്ടെങ്കിലും

9.11 ഈ ജാമ്യക്കാരൻ നൽകുന്ന ജാമ്യം ഇൻഡ്യയിലെ നിയമവ്യവസ്ഥകൾക്കനുസൃതമായിരിക്കുന്നതായിരിക്കും

9.12 ഇതിനാൽ ജാമ്യക്കാരൻ സമ്മതിയ്ക്കുന്നതാണ് അതായത് വായ്പ കൊടുത്ത ആൾക്ക് ജാമയക്കാരൻ ജാമ്യത്തോടൊപ്പം സമർപ്പിക്കുന്നതായ വസ്തുതകൾ എപ്പോൾ വേണമെങ്കിലും ഏതെങ്കിലും ധനകാര്യസ്ഥാനപത്തിനോ മറ്റോ വായ്പ കൊടുത്ത ആളിനു ബോദ്ധ്യമാകുന്ന പക്ഷം വെളിപ്പെടുത്താവുന്നതാണെന്നും ആയത് ജാമ്യക്കാരൻ യാതൊരു വിധത്തിലും തർക്കവിഷയമാക്കുകയില്ലെന്നും ചോദ്യം ചെയ്യുകയില്ലെന്നും ഇതിനാൽ സമ്മതിയ്ക്കുന്നു.

9.13 ജാമ്യക്കാരൻ ഇതിനാൽ സമ്മതിയ്ക്കുന്നതാണ് ഒത്തു തീർപ്പു വ്യവസ്ഥകളിലെ ഖണ്ഡികകളിൽ പറയുന്ന പ്രകാരം ഒത്തു തീർപ്പാക്കുന്ന മദ്ധ്യസ്ഥന്റെ (ആർബിട്രേറ്ററുടെ) തീരുമാനം (അവാർഡ്) ജാമ്യക്കാരനും ബാധകമായിരിക്കുന്നതാണെന്നും)

9.14 ജാമ്യക്കാരൻ ഇതിനാൽ സമ്മതിയ്ക്കുന്നതാണ് ജാമ്യക്കാരൻ നൽകപ്പെട്ട ജാമ്യപത്രം കരാറിൽ പറയുന്ന തീയ്യതികൾ ആരംഭിയ്ക്കുന്നതും അന്നു മുതൽ പ്രാബല്യത്തിൽ വരുന്നതും ആയത് വായ്പ കൊടുത്ത ആളിനെതിരായി നിർത്തലാക്കപ്പെടുന്നത് ജാമ്യക്കാരനോ വായ്പ എടുത്ത ആളോ മുഴുവൻ തുകയും പലിശയും മറ്റു ചിലവുകളും തിരിച്ചയ്ക്കപ്പെടുന്ന സാഹചര്യത്തിലും ആയിരിക്കുന്നതാണെന്നും

9.15. ഈ ജാമ്യം വായ്പ കൊടുത്ത ആളിനെ വ്യക്തിപരമായിട്ടുള്ളതല്ലാത്തതും ഇത് ഭാഗീകമായോ മുഴുവനായോ ഏതെങ്കിലും ആൾക്കെതിരെ (മുഴുവനായോ, ജാമ്യതുകയ്ക്കായോ) വായ്പ കൊടുത്ത ആൾ നടപ്പിലാക്കുന്നത് വായ്പ തുകയിൽ മേൽ വായ്പ എടുത്ത ആൾക്കുള്ള ബാദ്ധ്യതയിൽ മാത്രമായിട്ടായിരിക്കുന്നതാണ്.

10.0 **വയ്പ വസ്തുവിന്റെ, മൂല്യത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളിൽ**

10.1 വായ്പ വസ്തുവിന്റെ മൂല്യം, പുതിയ വാഹനത്തിന്റെ കാര്യത്തിൽ മൂല്യം ഈ കരാറിന്റെ ആരംഭത്തിനു ശേഷം ഉയരുന്നതായാൽ, ആ സാഹചര്യത്തിൽ വായ്പ എടുത്ത ആൾ കൂടുതലായ തുക ആവശ്യമായത് മേൽ വാഹനം എടുക്കുന്നതിന് ഒടുക്കേണ്ടതാണെന്നും വായ്പ കൊടുത്ത ആൾ യാതൊരുവിധത്തിലും വായ്പയായോ മറ്റേതെങ്കിലും തരത്തിലും മേൽ പറഞ്ഞ കുടിയ മൂല്യം ഒടുക്കുവാൻ ബാദ്ധ്യസ്ഥനല്ലയെന്നും അല്ലെങ്കിൽ വാഹനത്തിലെ

മൂല്യത്തിന്റെ ഉയർന്ന് നിരക്ക് കൂടി വരുന്ന സാഹചര്യത്തിൽ വായ്പ കൊടുത്ത ആളിന് ഈ കരാർ റദ്ദു ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതും ഡീലർക്കോ കമ്പനിക്കോ കൊടുത്ത തുക ഈടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതുമാണ്. ആയത് ഈ കരാറിലെ മറ്റു വ്യവസ്ഥകൾക്ക് യാതൊരു വിധ കോട്ടവും ഉണ്ടാകുന്നതല്ലാത്തതുമാണ്.

11.0 **കൈവശം – വിട്ടുകിട്ടൽ**

11.1 വായ്പ എടുത്ത ആൾക്ക് വായ്പ എടുത്ത വാഹനത്തിന്റെ വാഹന വ്യാപാരിയിൽ നിന്നോ കമ്പനിയിൽ നിന്നോ വീട്ടു കിട്ടുന്നതു വരെയും അല്ലെങ്കിൽ വാഹനത്തിന്റെ മേൻമ, നില, ആയതിന്റെ ഉപയോഗക്ഷമത മുതലായ പരിശോധിക്കേണ്ട മുഴുവൻ ഉത്തരവാദിത്വവുണ്ടായിരിക്കേണ്ടതാണ്. വായ്പ എടുത്ത ആൾ വായ്പ വസ്തു കൈവശം കിട്ടിയ ഉടനെ വായ്പ കൊടുത്ത ആളെ അറിയിക്കേണ്ടതാണ്.

11.2 ഇതിനാൽ വായ്പ കൊടുത്ത ആൾ മനസ്സിലാക്കുന്നതും സമ്മതിയ്ക്കുന്നതുമാണ് ഏതെങ്കിലും കാലതാമസം വസ്തു കൈവശം വിട്ടു കിട്ടുന്നതിൽ വ്യാപാരിയുടെയോ കമ്പനിയുടെയോ ഭാഗത്തു നിന്നും ഉണ്ടാകുന്ന പക്ഷമോ, അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾക്ക് ചിലവുവരുകയോ, ഏതെങ്കിലും നഷ്ടം, കോട്ടം, ഉപയോഗക്ഷമത ഇല്ലാതെ വരിക മുതലായവ ഉണ്ടായാൽ വായ്പ എടുത്തയാൾക്കു മാത്രം ഉത്തരവാദിത്വം ഉള്ളതും ഈ വക ബാദ്ധ്യതയിൽ നിന്നും വായ്പ എടുത്ത ആൾ വായ്പ നൽകിയ ആളെ ഒഴിവാക്കുന്നതാണെന്നും വായ്പ എടുത്തയാൾ യാതൊരു കാരണവശാലും മേൽ പ്രസ്താവിച്ചി സാഹചര്യങ്ങൾ നേരിട്ടാൽ തിരിച്ചടവു ഗഡുക്കൾക്ക് മുടക്കം വരുത്തുന്നതല്ലായെന്നും സമ്മതിയ്ക്കുന്നതാണ്.

12.0 **ഉപയോഗം**

വായ്പ എടുക്കുന്ന ആൾ  സമ്മതിയ്ക്കുന്നതാണ് വായ്പ വസ്തു അയാൾ മുഖാന്തിരമോ അല്ലെങ്കിൽ ജോലിക്കാർ മുഖാന്തിരമായോ അല്ലെങ്കിൽ ഏജന്റു മുഖാന്തിരമായോ ഇൻഷുറൻസ് പോളിസിയിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായിട്ടല്ലാതെ  ഉപയോഗിയ്ക്കുകയില്ല എന്നും ആയതിൽ പ്രകാരമുള്ള എന്തെങ്കിലും രീതിയിൽ പ്രവൃത്തിയ്ക്കുന്നതിനോ അല്ലെങ്കിൽ ഇൻഷുറൻസ് പോളിസി അസാധുവാകുന്ന തരത്തിൽ പ്രത്യേകമായി വായ്പ വസ്തു/വാഹനം ഏതെങ്കിലും വസ്തുക്കൾ കൊണ്ടുപോകുന്നതിനോ ഏതെങ്കിലും നിയമത്തിലോ, സെൻട്രൽ, സംസ്ഥാന നിയമങ്ങളും, ബന്ധപ്പെട്ട ഫോറസ്റ്റ്, എക്സൈസ്, കസ്റ്റംസ് സെയിൽസ് ടാക്സ് (വിൽപന നികുതി) പ്രൊഹിബിഷൻ, ഒപിയം, റയിവേ പ്രോപ്പർട്ടി, നിയമപരമല്ലാത്ത കൈവശം വയ്ക്കൽ, ഗോൾഡ് കൺട്രോൾ മുതലായവയോ കൂടാതെ പ്രവൃത്തികൾക്കോ ഉപയോഗിക്കുന്നതല്ല എന്നും ഇതിനാൽ സമ്മതിയ്ക്കുന്നു. വായ്പ എടുക്കുന്ന ആൾ വായ്പ വസ്തു വായ്പ കൊടുക്കുന്ന ആളുമായി ഈകരാറിൽ ഉണ്ടാക്കിയ വ്യവസ്ഥകൾക്കു വിപരീതമായി യാതൊന്നിനും ഉപയോഗിക്കുന്നതല്ലയെന്നും ആയതിന്റെ മേൽപ്പറഞ്ഞ രീതിയിലുള്ള ഉപയോഗത്തിന്റെ സകല ചിലവുകളും ടിയാളുടെ സ്വന്തം ചിലവിലായിരിക്കുന്നതുമാണെന്നും ഇതിനാൽ സമ്മതിച്ചിരിയ്ക്കുന്നു.

13.0 **ഇൻഷുറൻസും സംരക്ഷണവും**

വായ്പ കൊടുക്കപ്പെട്ടതായ ഈടിന്റെ, സംരക്ഷണത്തിനും വായ്പ കൊടുത്ത ആളിന്റെ, അവകാശം സ്ഥാപിക്കപ്പെടുന്നതിനും, വായ്പ എടുത്ത ആൾ ഈ കരാറിൽ ഒപ്പിട്ട ശേഷം ഇൻഷ്വർ ചെയ്യപ്പെട്ട വസ്തു എല്ലാവിധമായുണ്ടാകാവുന്ന നാശ നഷ്ടങ്ങളിൽ നിന്നും അപകടം മൂലമുണ്ടാകാവുന്ന നഷ്ടം, മറ്റു നാശങ്ങൾ കോംപ്രിഹെൻസിവ് പോളിസി പ്രകാരമുള്ള മറ്റു റിസ്ക്കുകൾ പ്രത്യേകിച്ച്, സമരം, അടിപിടി, വെള്ളപ്പൊക്കം മുതലായ മറ്റു വലിയ നഷ്ടങ്ങൾ തുടങ്ങി സാധാരണയായി ഉണ്ടാകാവുന്ന നഷ്ടങ്ങൾക്ക് അൺലിമിറ്റഡ് ആയ

തേർഡ് പാർട്ടി ബാദ്ധ്യത വായ്പ കൊടുക്കുന്ന ആൾക്കൂകൂടി ബോദ്ധ്യപ്പെട്ട ഇൻഷുറൻസ് കമ്പനിയിൽ നിന്നെടുക്കേണ്ടതും ആ ഇൻഷുറൻസ് നിലനിർത്തിക്കൊണ്ടു പോകുന്നതിനാവശ്യമായ പ്രീമിയം തുക/ മറ്റു തുകകൾ മുതലായവ ഈ കരാറിന്റെ കാലാവധി വരെ കൃത്യമായി അടച്ചു കൊണ്ടുപോകേണ്ടതും വായ്പകൊടുത്ത ആൾ ആവശ്യപ്പെടുന്ന പക്ഷം ഇൻഷുറൻസ് പോളിസി, കവർനോട്ട്, രസീതുകൾ മുതലായവ ഹാജരാക്കുകയും ചെയ്യേണ്ടതാണ് ഓരോ ഇൻഷുറൻസ് പോളിസിയും വായ്പ എടുക്കുന്ന ആളിന്റെ പേരിൽ ആവശ്യമായ എൻഡോഴ്സ്മെന്റ് **ലോസ് പേയി** എന്ന നിലയിൽ നടത്തിയും കൂടാതെ അഡീഷണൽ എൻഡോഴ്സ്മെന്റ് വായ്പകൊടുത്ത ആൾ ആവശ്യപ്പെടുന്ന പക്ഷം ടിയാളുടെ ബാങ്കിന്റെ പേരിലും നടത്തേണ്ടതാണ്.

13.2 വായ്പ എടുക്കുന്ന ആൾ വായ്പ വസ്തു ഇൻഷുറൻസ് പോളിസിയുടെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിപരീതമായി ഉപയോഗിയ്ക്കുവാൻ പാടില്ലാത്തതും ഇൻഷുറൻസ് പോളിസി അസാധുവാകുന്ന തരത്തിലുള്ള യാതൊരുവിധമായ പ്രവൃത്തികളോ നടപടികളോ ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു.

13.3 വായ്പ കൊടുക്കുന്ന ആൾക്ക് അയാളുടെ പരിപൂർണ്ണ വിവേചനത്തിൽ വായ്പ എടുക്കന്ന ആളിനുവേണ്ടി ഇൻഷുറൻസ് എടുക്കേണ്ടതും വായ്പ എടുക്കുന്ന ആൾ മുഖാന്തിരം സമ്മതമായ ഇൻഷുറൻസ് കമ്പനിയിൽ പ്രീമിയം അടച്ചും അല്ലാത്തപക്ഷം പോസ്റ്റ് ഡേറ്റഡ് ചെക്ക്/ പേ ഓർഡർ/മറ്റേതെങ്കിലും രീതിയിലുള്ള മാർഗങ്ങളിൽ കൂടി പണം അടച്ച് ഇൻഷുറൻസ് നിലനിർത്തിക്കൊണ്ടു പോകേണ്ടതുമാണ്. എന്നിരുന്നാലും വായ്പ എടുത്ത ആളിന്റെ ഭാഗത്തു നിന്നും പ്രീമിയം അടവു വീഴ്ച വരുത്തുന്ന പക്ഷം വായ്പ എടുത്ത ആളിന് പ്രീമിയം തുക അടയ്ക്കുന്നതിനുള്ള യാതൊരു തടസ്സവും ഉണ്ടാകാത്തതും ഇൻഷുറൻസ് കൃത്യമായി നിലനിർത്തേണ്ടതുമാണ്.

13.4 ഇൻഷുറൻസ് നടപടികളിലുള്ള അവകാശവാദങ്ങൾ ഉണ്ടെങ്കിൽ അതിൽ വായ്ക കൊടുത്ത ആളിന്റെതായി വായ്പ എടുത്ത ആൾ ഇതിനാൽ വായ്പ കൊടുത്ത ആൾക്ക് എല്ലാവിധ ഇൻഷുറൻസ് സംരക്ഷണവും എല്ലാവിധ അവകാശങ്ങളും ഉന്നയിക്കുവാനുള്ള സകലവിധ തിരിച്ചെടുക്കാനാവാത്ത അവകാശ അധികാരവും നൽകുന്നതും വായ്പ കൊടുത്ത ആൾക്ക് കിട്ടേണ്ടതായ തുക അത്തരത്തിൽ ഈടാക്കാവുന്നതുമാകുന്നു. വായ്പ എടുത്ത ആൾ വായ്പ കൊടുത്ത ആളിന്റെ എല്ലാവിധമായ നിർദ്ദേശങ്ങളും സ്വീകരിക്കുകയും ഇൻഷുറൻസ് പോളിസി സംബന്ധിച്ചുള്ള എല്ലാ നിർദ്ദേശങ്ങളും നടപ്പിലാക്കുകയും പോളിസി കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യേണ്ടതാണ്.

13.5 വായ്പ എടുക്കുന്ന ആൾ അയാളുടെ സ്വന്തം നിലയിൽ കാലതാമസം കൂടാതെ ഏതെങ്കിലും അപകടം മൂലമോ മറ്റോ ഉണ്ടാകാവുന്ന/ഉണ്ടായിട്ടുള്ള എല്ലാ വിധ റിപ്പയർ വർക്കുകളും ചെയ്യുകയും ആയതിന്റെ ബില്ലുകൾ ഇൻഷുറൻസ് കമ്പനിയിൽ ഹാജരാക്കി ക്ലെയിം തീർപ്പാക്കേണ്ടതാണ്. വായ്പ എടുത്ത ആളിന്റെ പക്കൽ നിന്നും യാതൊരു വിധ തിരിച്ചടവും ബാദ്ധ്യതയും ഇല്ലാത്ത പക്ഷം വായ്പ കൊടുത്ത ആൾ ഇൻഷുറൻസ് കമ്പനിയിൽ നിന്നും കിട്ടിയ തുക അതേപോലെ വായ്പ എടുത്ത് ആളിന് കൊടുക്കേണ്ടതും ആണ്.

14.0 **പിഴവു വരുന്ന സന്ദർഭങ്ങളിൽ**

താഴെപ്പറയുന്ന സന്ദർഭങ്ങളിൽ പിഴവു വരുത്തിയതായി കണക്കാക്കുന്നതാണ്

14.1 വായ്പ എടുത്ത ആൾ വായ്പ തിരിച്ചയ്ക്കുവാനോ, അല്ലെങ്കിൽ ഏതെങ്കിലും ഫീസ്, ചാർജ്ജുകൾ, ഏതെങ്കിലും ഇൻസ്റ്റാൾമെന്റിന്റെ മേലുള്ള ചിലവ് അല്ലെങ്കിൽ തിരിച്ചടക്കേണ്ടതായ തീയ്യതിക്കോ അതിൽ ശേഷമോ അടയ്ക്കുന്നതിൽ പരാജയപ്പെട്ടാലോ

14.2 വായ്പ എടുത്ത ആൾ (വ്യക്തികളുടെ കാര്യത്തിൽ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ ഉണ്ടെ

ങ്കിൽ, ആരെങ്കിലും ഒരാൾ) മരണപ്പെട്ടാലോ അല്ലെങ്കിൽ എന്തെങ്കിലും നടപടികൾ എടുക്കപ്പെട്ടാൽ അല്ലെങ്കിൽ എന്തെങ്കിലും നടപടികൾ ഏതെങ്കിലും അധികാര പരിധിയിൽ അസാധുവാക്കപ്പെടണമെന്ന ഉദ്ദേശത്തോടെ അല്ലെങ്കിൽ റിസീവറെയോ, ട്രസ്റ്റിയേയോ, അല്ലെങ്കിൽ അതേപോലെയുള്ള ഉദ്യോഗസ്ഥനെയോ, ടിയാളുടെ വസ്തുക്കളിൽ മേൽ നിയമിയ്ക്കപ്പെട്ടാൽ അല്ലെങ്കിൽ

14.3 വായ്പ എടുത്ത ആൾ (കോർപറേഷനോ ഒരു പാർട്ണർ ഷിപ്പ് ഫേമോ ആയിരിക്കുന്ന പക്ഷം) ഏതെങ്കിലും നടപടികൽ എടുക്കുന്ന പക്ഷം അല്ലെങ്കിൽ മറ്റു നടപടികൾ, നിയമനടപടികൾ തുടങ്ങുന്ന പക്ഷം വായ്പ എടുക്കുന്ന ആളിനെതിരെ ഏതെങ്കിലും മൂന്നാമതൊരു പാർട്ടി വായ്പ എടുത്ത സ്ഥാപനം ഇല്ലാതാവുകയോ അടച്ചു പൂട്ടുകയോ, പുനസംഘടന നടക്കുകയോ അല്ലെങ്കിൽ റിസീവറെ നിയമിക്കപ്പെടുകയോ, ട്രസ്റ്റി, അല്ലെങ്കിൽ അതേ നിലയിലുള്ള ഉദ്യോഗസ്ഥനോ വായ്പ എടുക്കുന്ന ആളിന്റെ വസ്തുക്കളിൽ പ്രത്യേകിച്ച് ഈടു നൽകപ്പെട്ട വസ്തുവിൽ അല്ലെങ്കിൽ

14.4 വായ്പ എടുത്ത ആൾ വായ്പ വസ്തു വിൽപ്പന നടത്തുകയോ, ബാദ്ധ്യത വരുത്തുകയോ, കൈമാറ്റ ചെയ്യുകയോ, അല്ലെങ്കിൽ വിൽപ്പന നടത്തുവാനോ കൈമാറ്റം ചെയ്യുവാനോ ഏതെങ്കിലും തരത്തിലുള്ള ബാദ്ധ്യത വരുത്തുവാനോ, ഉദ്ദേശിക്കുകയോ വായ്പ കൊടുത്ത ആളിന്റെ രേഖാമൂലമായ സമ്മതം കൂടാതെ ചെയ്യുകയോ ചെയ്യുന്ന പക്ഷം അല്ലെങ്കിൽ

14.5 വായ്പ എടുത്ത ആൾ വായ്പ വസ്തുവിൻമേലുള്ള ഇൻഷുറൻസ് പ്രീമിയം അടയ്ക്കാതിരിയ്ക്കുകയോ, അല്ലെങ്കിൽ ഏൽപ്പിച്ചിട്ടുള്ള പോസ്റ്റ് ഡേറ്റഡ് ചെക്കുകൾ പണം മാറാതെ മടക്കിയതിൽ പ്രകാരമുള്ള ബാങ്കിന്റെ ചാർജുകളോ ഈ കരാറിന്റെ വ്യവസ്ഥകൾ പറയുന്ന പ്രകാരം അടയ്ക്കാതിരുന്നാലോ, അല്ലെങ്കിൽ

14.6 വായ്പ വസ്തു കണ്ടുകെട്ടുകയോ, ജപ്തി ചെയ്യപ്പെടുകയോ, ഏതെങ്കിലും അധികാരികൾ കൈവശത്തിലെടുക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും വിധി നടത്തിപ്പു നടപടികളിൽ ഉൾപ്പെടുകയോ അല്ലെങ്കിൽ

14.7 വായ്പ എടുത്ത ആൾ നികുതികൾ, പിഴ, ചുമത്തപ്പെടുന്ന മറ്റു ചാർജുകൾ അടയ്ക്കാതിരിയ്ക്കുകയോ അല്ലെങ്കിൽ നിയമ നടപടികൾ പാലിയ്ക്കപ്പെടാതിരിയ്ക്കുകയേ പാലിയ്ക്കേണ്ടതായി  കാലാകലങ്ങളിൽ ഉത്തരവിനനുസരിച്ചുണ്ടാകുന്നതായത് അല്ലെങ്കിൽ

14.8 വായ്പ വസ്തു മോഷണം പോവുകയോ കണ്ടു പിടിയ്ക്കുവാൻ പറ്റാതിരിയ്ക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ അല്ലെങ്കിൽ

14.9 വായ്പ വസ്തു കണ്ടു കെട്ടപ്പെടുകയോ, അപകടത്തിലാവുകയോ, അല്ലെങ്കിൽ ഉപയോഗിയ്ക്കുവാൻ പറ്റാത്ത വിധത്തിൽ ആയിത്തീരുകയോ അല്ലെങ്കിൽ ആർക്കെങ്കിലും ശാരീരികമായ അപകടം വരുത്തുന്നതായ സാഹചര്യങ്ങൾ ഉണ്ടാവുകയോ ചെയ്യുന്നതായാൽ അല്ലെങ്കിൽ

14.10 വായ്പ വാങ്ങിയ ആൾ വായ്പ നൽകിയ ആൾക്ക് കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് കൊടുത്തതായതോ  കൊടുക്കുവാനുദ്ദേശിക്കുന്നതോ ആയ പോസ്റ്റ് ഡേറ്റഡ് ചെക്കുകൾ ഏതെങ്കിലും കാരണവശാൽ പണം മാറാനാകാതെ ബാങ്കിൽ നിന്നും മടങ്ങുന്നതായ സാഹചര്യം ഉണ്ടായാൽ അല്ലെങ്കിൽ

14.11 ഖണ്ഡിക 2.10 ൽ പറയുന്ന കാരണങ്ങളാൽ വായ്പ എടുത്ത ആൽ കൊടുത്ത ചെക്കുകൾ പണം നൽകേണ്ടതില്ല എന്ന നിർദ്ദേശം ബാങ്കിനു നൽകുന്ന സാഹചര്യത്തിൽ അല്ലെങ്കിൽ

14.12 വായ്പ വസ്തു വാഹനമായിരുന്നാൽ വായ്പ എടുത്ത ആൾ ആയതിന്റെ രജിസ്ട്രേഷൻ

രേഖകളുടെ പകർപ്പു നൽകാതിരിയ്ക്കുന്ന സന്ദർഭത്തിൽ അല്ലെങ്കിൽ

14.13 വായ്പ എടുക്കുന്ന ആളിന് ഏതെങ്കിലും സാഹചര്യത്തിൽ വായ്പ കൊടുക്കുന്ന ആളിന്റെ അവകാശം സംരക്ഷിയ്ക്കുകയില്ല എന്നും വായ്പ വസ്തു അപകടപ്പെടുന്ന രീതിയിലാണെന്നോ കരാറിലെ വ്യവസ്ഥകൽക്ക് വിപരീത മാണെന്നും മതിയായ കാരണത്താൽ ബോദ്ധ്യം വരികയോ ചെയ്യുന്ന പക്ഷവും അല്ലെങ്കിൽ

14.14 കരാറിലെ വ്യവസ്ഥ പ്രകാരം വായ്പ എടുത്ത ആൾ വായ്പ വസ്തുവിന്റെ യഥാർത്ഥ വിവരണം ബോദ്ധ്യപ്പെടുത്താതിരിയ്ക്കുകയോ (പുതിയതും പഴയതുമായ വാഹനത്തിന്റെ) അല്ലെങ്കിൽ

14.15 ഈ കരാറിലെ വ്യവസ്ഥകളോ, ഉടമ്പടിയോ, നിവൃത്തികളോ അല്ലെങ്കിൽ ഏതെങ്കിലും വിവരണങ്ങളോ വായ്പ എടുത്ത ആൾ നൽകിയ രേഖകളോ തെളിവുകളോ കരാറിലെ വ്യവസ്ഥകൾക്കെതിരാവുകയോ അല്ലെങ്കിൽ ഹാജരാക്കപ്പെട്ട ഏതെങ്കിലും രേഖകളോ തെളിവുകളോ പര്യാപ്തമല്ലാത്തതാവുകയും തെറ്റായ നിഗമനങ്ങളിലേയ്ക്ക് നയിക്കുന്നതുമായാലോ അല്ലെങ്കിൽ

14.16 വായ്പ എടുത്തായാളെ പാപ്പരായോ കടക്കാരനായേ പ്രഖ്യാപിക്കപ്പെടുകയോ (കമ്പനിയുടെ കാര്യത്തിലായാൽ കമ്പനി അടച്ചു പൂട്ടൽ നേരിടുകയോ ലിക്വിഡേഷൻ സമർപ്പിക്കുകയോ ചെയ്യുന്നതായാൽ) വായ്പ എടുത്ത ആൾക്കെതിരെ നിയമനടപടികൽ സ്വീകരിയ്ക്കപ്പെടുകയോ ചെയ്താൽ അല്ലെങ്കിൽ

14.17 വായ്പ കൊടുത്ത ആളിന്റെ അഭിപ്രായത്തിൽ ഏതെങ്കിലും മറ്റു സാഹചര്യങ്ങൾ വായ്പ കൊടുത്ത ആളിന്റെ അവകാശത്തെ ഹനിയ്ക്കുന്നതാണെന്ന് ബോദ്ധ്യപ്പെടുമ്പോഴോ അല്ലെങ്കിൽ

14.18 വായ്പ എടുത്ത ആളിന്റെ ബാദ്ധ്യത നിൽക്കുന്നതിലെ ഏതെങ്കിലും പിഴവുകൾ വായ്പ എടുത്ത ആളും വായ്പ കൊടുത്ത ആളും തമ്മിലുള്ള വായ്പ ഉടമ്പടിയിലെ വ്യവസ്ഥകൾക്ക് വിപരീതമായി വരുത്തുന്നതായാൽ

**15.0 വായ്പ കൊടുക്കുന്ന ആളിന്റെ അവകാശങ്ങൾ**

15.1 ഉണ്ടാകാവുന്ന ഏതെങ്കിലുമോ അല്ലെങ്കിൽ എല്ലാ പിഴവു വരുന്നതായ സാഹചര്യങ്ങളിലും വായ്പ കൊടുത്ത ആൾ വായ്പ എടുത്തു ആളിനെ ബാക്കി മുഴുവൻ തുകയും മറ്റു ചാർജുകളും ഏതു രീതിയിലുള്ളതും പലിശ, അക്കൗണ്ട് പഴി, ഇൻഷുറൻസ് പ്രീമിയം, മറ്റു നികുതികൾ മുതലായവയിൽ വരുത്തിയിട്ടുള്ളതുമായത് തിരിച്ചടയ്ക്കേണ്ടതാണെന്ന് അറിയിക്കേണ്ടതും ഈ കരാർ കാലാവധിയ്ക്കകം തന്നെയും അതിനു ശേഷമോ അടച്ചു തീർക്കേണ്ടതായതും അടയ്ക്കുവാൻ അറിയിക്കേണ്ടതുമാണ്. വായ്പ കൊടുത്ത ആളിന് ഒന്നാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന പ്രകാരം കൂടുതലായ നിരക്കിൽ വായ്പ തുകയിൽ മേലും മറ്റു കിട്ടാനുള്ള തുകകളും അടയ്ക്കുന്നതിനായി ഉത്തരവിടുന്നതിനും സകല അവകാശവും ഉണ്ടായിരിയ്ക്കുന്നതും. ആയത് എത്രയും പെട്ടെന്ന് വായ്പ കൊടുത്ത ആളിന് കൊടുത്തു തീർക്കേണ്ടതും ആകുന്നു. വായ്പ കൊടുത്ത ആൾ രേഖാമൂലം അറിയിപ്പു കൊടുത്ത് തിരിച്ചടയ്ക്കേണ്ടതായ ബാദ്ധ്യത നോട്ടീസിൽ പറയുന്ന തീയ്യതിയ്ക്ക് തിരിച്ചടയ്ക്കണമെന്ന് വായ്പ എടുത്ത ആളിനെ അറിയിക്കേണ്ടതുമാണ്. വായ്പ കൊടുത്ത ആൾ രേഖാമൂലം അറിയിപ്പു കൊടുത്ത് വായ്പ എടുത്തയാളെ തിരിച്ചടവിന്റെ തീയ്യതി അറിയിക്കേണ്ടതാണ്.

15.2 ഏതെങ്കിലും കാരണവശാൽ മുടക്കം വരുന്ന പക്ഷം, വായ്പ എടുത്ത ആൾ വായ്പ വസ്തു വായ്പ നൽകിയ ആൾക്ക് വാങ്ങിയപ്പോഴുണ്ടായിരുന്ന അതേ അവസ്ഥയിൽ അദ്ദേഹം നിർദ്ദേശിയ്ക്കുന്ന അവസ്ഥയിലും നിർദ്ദേശിയ്ക്കപ്പെടുന്ന പ്രകാരവും തിരിച്ചേൽപ്പിയ്ക്കുവാൻ

ബാദ്ധ്യസ്ഥനാണ്. സാധാരണ സാഹചര്യങ്ങളിലുണ്ടാകുന്ന നിസ്സാര പോറലുകളും മറ്റും ഒഴിവാക്കാവുന്നതുമാണ്. വായ്പ എടുത്ത ആൾ യാതൊരു കാരണവശാലും മേൽ നടപടകിളിൽ നിന്നും വസ്തു തിരികെ കൈവശപ്പെടുത്തുന്ന പ്രക്രിയയിൽ നിന്നും വായ്പ കൊടുത്ത ആളിനെ തടസ്സപ്പെടുത്തുകയോ നിരോധിയ്ക്കുകയോ ചെയ്യുവാൻ പാടില്ലാത്തതുമാണ്. ഈ സംഗതിയ്ക്ക് വായ്പ വാങ്ങിയ വ്യക്തി ഉടമ്പടി ചെയ്ത് തീർച്ചപ്പെടുത്തിയതും ആയതിനാൽ വായ്പ കൊടുത്ത ആളിന്റെ അധികാരപ്പെടുത്തിയ ആളോ, പ്രതിനിധാനം ചെയ്യുന്ന ആളോ, ജോലിക്കാരോ, ഓഫീസർമാരോ, ഏജന്റുമാരോ നിരോധിയ്ക്കപ്പെടാനാവാത്ത വിധമായ കടന്നു ചെല്ലുവാനുള്ള അവകാശവും കൂടാതെ അതിനുള്ള അധികാരവും, അല്ലെങ്കിൽ ഏതു സമയത്തും വായ്പ വാങ്ങിയ ആളിന് യാതൊരു വിധ മുന്നറിയിപ്പും കൂടാതെ ഏതു സ്ഥലത്തും പരിധിയിലും പ്രവേശിയ്ക്കാവുന്നതും ആണ്. വായ്പ കൊടുത്ത ആളിന്/ സ്ഥാപനത്തിന് യഥാസ്ഥാനത്തു നിന്നും അതിനുപയുക്തമായ വാഹനം അല്ലെങ്കിൽ വഹിച്ചു കൊണ്ടു പോകാവുന്ന സാമഗ്രികൾകൊണ്ടു വായ്പ വസ്തു എടുത്തു കൊണ്ടു പോകുവാനുള്ള സകല അവകാശവും ഉണ്ടായിരിക്കുന്നതാണ്. അങ്ങിനെ വായ്പ കൊടുത്ത ആൾ/ സ്ഥാപനം വായ്പ വസ്തു നീക്കം ചെയ്തു കൊണ്ടു പോകുന്ന സാഹചര്യം ഉണ്ടായാൽ ആയതിന്റെ നീക്കം ചെയ്യുന്നതിനുള്ള സകല ചിലവുകളും അതിനോടനുബന്ധിച്ചുണ്ടാകുന്ന മറ്റു സകല ചിലവുകളും സുരക്ഷിതമായി സൂക്ഷിയ്ക്കുന്നതിനും അതിന്റെ വിൽപ്പനയ്ക്കും ഉണ്ടാകുന്നതുമായ സകല ചിലവുകളും വായ്പ എടുത്ത ആൾ  വഹിയ്ക്കേണ്ടതുമാണ്. അങ്ങിനെ വായ്പ കൊടുത്ത ആൾ/ സ്ഥാപനം നിയമാനുസൃതമായി കൈവശം വായ്പ വസ്തു ഏറ്റെടുക്കുന്ന പക്ഷം, വായ്പ കൊടുക്കുന്ന ആൾ/സ്ഥാപനം യാതൊരു വിധത്തിലും ആയതു മൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കോ നാശ നഷ്ടങ്ങൾക്കോ അല്ലെങ്കിൽ മോഷണം, തീ, മഴ, വെള്ളപ്പൊക്കം, ഭൂചനം, മിന്നൽ, അപകടം മുതലയാലവ മൂലമോ, അല്ലാതെയോ ഉണ്ടാകാവുന്ന പ്രകൃതി ദുരന്തങ്ങൾ മൂലമോ വായ്പ വസ്തിവിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഉത്തരവാദി ആയിരിക്കുന്നതല്ല.

15.3 വായ്പ കൊടുക്കുന്ന ആൾക്കുള്ള ബാദ്ധ്യതകൾ ഏതെങ്കിലുമോ അല്ലെങ്കിൽ മേൽപ്പരഞ്ഞ ഏതെങ്കിലും കാരണത്താൽ മുടക്കം വരുത്തുന്നതായാൽ സകല അവകാശവും കൂടാതെ വായ്പ എടുത്ത ആൾ/കടക്കാരൻ ഇതിനാൽ റദ്ദു ചെയ്യുവാൻ പറ്റാത്തത്ത തരത്തിൽ വായ്പ കൊടുത്ത ആളിന് വായ്പ വസ്തു വിൽക്കുവാനോ, കൈമാറ്റം ചെയ്യുവാനോ, പൊതുവായ ലേലത്തിൽ വിൽപ്പന ചെയ്യുവാനോ സ്വകാര്യമായ ലേലം ചെയ്യുവാനോ അല്ലെങ്കിൽ ആവിധമായ സകല ഉചിതമായ നടത്തിപ്പുകൾക്കും നടപടികളും കൈക്കൊണ്ട് തിരിച്ചടവു തുക വായ്പ കുടിശ്ശികക്കാരനിൽ നിന്നും ഈടാക്കുവാനുള്ള  സകല അധികാരവും ഊ കരാറിലെ വ്യവസ്ഥകൾ  പ്രകാരം വായ്പ കൊടുത്ത ആളിന് നൽകിയിരിയ്ക്കുന്നു. വിൽപ്പന നടപടികളിൽ നിന്നും ആവശ്യമായ തുക ഈടാക്കുവാൻ പറ്റാത്തപക്ഷം, വായ്പ എടുത്ത ആൾ ബാക്കി തിരിച്ചടവു തുക അതിനുശേഷം വായ്പ നൽകിയ ആൾക്ക് കൊടുക്കേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ കൂടുതൽ തുക കിട്ടുന്നതായാൽ തിരിച്ചടവു തുകയിലേയ്ക്കു വക വരുത്തിയതിനു ശേഷം ബാക്കി തുക  വായ്പ എടുത്ത ആൾക്ക് വായ്പ കൊടുത്ത ആൾ തിരികെ നൽകേണ്ടതുമാണ്. ഈ കരാറിലെ ഖണ്ഡികകളിലെ വ്യവസ്ഥകൾ ഒന്നും തന്നെ വായ്പ കൊടുത്ത ആളിനെ വയ്പ വസ്തു വിൽപ്പന  നടത്തുന്നതിൽ നിന്നോ വായ്പ എടുത്ത ആൾക്കോ ജാമ്യക്കാരനോ ജാമ്യ വ്യവസ്ഥകൾക്കെതിരെയുള്ള തുടർ നടപടികൾ സ്വീകരിയ്ക്കുന്നതിൽ നിന്നും യാതൊരു വിധമായ വിലക്കും ഏർപ്പെടുത്തിയിട്ടില്ലാത്തുതമാണ്.

15.4 വായ്പ എടുക്കുന്ന ആളിന് യാതൊരു വിധത്തിലും, നടത്തപ്പെടുന്ന വിൽപ്പന നടപടികളിലുണ്ടാകുന്ന സ്ഥിരതകളിലും അല്ലെങ്കിൽ ലേല നടപടികളിലോ അല്ലെങ്കിൽ വായ്പ കൊടുക്കുന്ന ആൾ നടത്തുന്ന പ്രവർത്തനങ്ങളിലോ യാതൊരു വിധ അവകാശവാദമോ തർക്കമോ ഉന്നയിക്കുവാൻ അവകാശം ഇല്ലാതിരിക്കുന്നതു മാത്രമല്ല വായ്പ കൊടുത്ത ആളിന് ഏതെ

ങ്കിലും തരത്തിൽ മേൽ നടപടികൾ ടിയാൾ നടത്തപ്പെടുന്നതു മൂലം ഉണ്ടാകുന്ന കഷ്ടന ഷ്ടങ്ങളിൽ ഉത്തരവാദിത്വം ഉണ്ടായിരിയ്ക്കുന്നതല്ലാത്തതും അല്ലെങ്കിൽ ആ വിധത്തിൽ ഉണ്ടാകുന്ന എന്തെങ്കിലും പ്രവൃത്തികളോ അല്ലെങ്കിൽ ഏതെങ്കിലും ഇടനിലക്കാരന്റെയോ, ലേലം വിളിച്ചെടുത്ത ആളിന്റെയോ, അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തികളെയോ, സ്ഥാപന ത്തെയോ, വായ്പ കൊടുത്ത ആൾ ഏർപ്പാടാക്കുന്ന പക്ഷം അവരുടെ ഏതെങ്കിലും തര ത്തിലുള്ള വീഴ്ചകൾക്കും പിഴവുകൾക്കും വായ്പ കൊടുത്ത ആൾ യാതൊരു വിധത്തിലും ഉത്തരവാദി ആയിരിക്കുന്നതല്ല.

15.5 വായ്പ കൊടുത്ത ആൾക്ക് വായ്പ എടുത്ത ആളുടെ പക്കൽ നന്നും സകലവിധ ചിലവു കളും (എല്ലാവിധ നിയമനടപടികൾക്കുള്ള ചിലവുകളും) അനുബന്ധിച്ചുണ്ടാകുന്നതും അല്ലെ ങ്കിൽ വായ്പ കൊടുത്ത ആൾ വായ്പ വസ്തുവിനെ സംബന്ധിച്ച് നടത്തുന്ന സകല അന്വേ ഷണ/തിരച്ചിൽ, കൈവശം എടുക്കൽ, ഗാരേജിൽ ഉണ്ടാകുന്നതും, ഇൻഷുറൻസ് അടയ്ക്കൽ, എടുത്തുകൊണ്ടു പോകുന്നതിനുള്ളത്, വായ്പ വസ്തു വിൽപ്പന നടത്തുന്നതിനോ ഏതെ ങ്കിലും  നിയമ നടപടികൾ സ്വീകരിക്കേണ്ടി വന്നാലോ അല്ലെങ്കിൽ വായ്പ കൊടുത്ത ആൾ ഈ കരാറിലെ വ്യവസ്ഥകൾ നടപ്പാക്കുവാൻ എടുക്കുന്ന നടപടിക്കുള്ള ചിലവുകൾ മുത ലായവ വായ്പ എടുത്ത ആളിൽ നിന്നും ഈടാക്കുവാൻ സകലവിധ അവകാശങ്ങലും ഉണ്ടായിരിയ്ക്കുന്നതാണ്. ഈ സംഗതികൾ ഇവിടെ വ്യക്തമാക്കിക്കൊള്ളുന്നതും ആയത് ഈ കരാറിൽ പറയുന്ന നിവൃത്തികൾക്ക് പുറമെ കരാറിൽ പ്രസ്താവിച്ചിരിയ്ക്കുന്ന വ്യവ സ്ഥകൾക്ക് യാതൊരു വിധമായ കോട്ടവും നൽകാതെ വായ്പ കൊടുത്ത ആളിന് ഈ കരാറിൽ പറയുന്നതിൻ പ്രകാരമോ മറ്റേതെങ്കിലും  കരാറിൻ പ്രകാരമോ നിയമത്താലോ പാലിയ്ക്കപ്പെടാവുന്നതാണ്. ആയതിന് സകലവിധ അവകാശ അധികാരങ്ങളും ഉണ്ടായിരി ക്കുന്നതാണ്.

15.6 ഈ കരാറിലെ വ്യവസ്ഥകളെ ബാധിയ്ക്കാത്ത വിധം, വായ്പ കൊടുത്ത ആളിന് വായ്പ വസ്തു തിരികെ എടുക്കുന്നതിനും, മുഴുവനായി വായ്പ പിൻവലിയ്ക്കുകയോ/റദ്ദാക്കുകയോ ചെയ്യാതിരിയ്ക്കുന്നതിനോ എപ്പോഴെങ്കിലും വായ്പ കൊടുത്ത ആളിന്റെ മത്രം വിവേചാ നാധികാരത്തിൽ, ഏതെങ്കിലും തിരിച്ചടക്കേണ്ടതായ തുക വായ്പ എടുത്തയാൽ തിരികെ അടയ്ക്കാതെ വീഴ്ച വരുത്തിയാലോ അതും അല്ലെങ്കിൽ വായ്പ വസ്തു വായ്പ വാങ്ങിയ ആൾ ജാമ്യത്തിന് വിപരീതമായി മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്യുകയോ, ചെയ്യുന്ന പക്ഷവും അല്ലെങ്കിൽ തിരിച്ചടക്കേണ്ടതായ തുക തിരികെ നൽകുന്ന പക്ഷവും നടപടി എടു ക്കുവാൻ അധികാരം ഉള്ളതുമാണ്

15.7 വായ്പ കൊടുത്ത ആൾ ആവശ്യപ്പെടുന്ന മുറയ്ക്കോ അല്ലെങ്കിൽ ടിയാൾക്ക് ആവശ്യമായി വരുന്ന പക്ഷമോ അല്ലെങ്കിൽ എന്തെങ്കിലും പിഴവു സംഭവിയ്ക്കുന്ന പക്ഷമോ വായ്പ എടുത്ത ആൾ

15.7.1 എത്രയും പെട്ടെന്ന് വായ്പ വസ്തു വായ്പ കൊടുത്ത ആൾക്ക് യഥാർത്ഥ കൈവശം കൊടു ക്കുകയോ അല്ലെങ്കിൽ വായ്പ കൊടുത്ത ആളിന്റെ നിർദ്ദേശത്തിലുള്ള ആൾക്കോ ഏജന്റിനോ (അളവിനെയുള്ള പക്ഷം) കൊടുക്കേണ്ടതുമാണ്

15.7.2 കൈമാറ്റം വിട്ടുകൊടുക്കൽ കൂടാതെ എല്ലാ രജിസ്ട്രേഷൻ നടപടികളും രേഖപ്പെടുത്തി യും, പോളിസികൾ, സർട്ടിഫിക്കറ്റുകളും രേഖകളും തുടങ്ങി വായ്പ വസ്തുവിനെ സംബ ന്ധിച്ചുള്ള എല്ലാ വിധ പ്രമാണങ്ങളും വായ്പ കൊടുത്ത ആളിനെയോ അദ്ദേഹം നിർദ്ദേശി ക്കുന്ന ആളിനെയോ, ടിയാളുടെ ഏജന്റിനെയോ (അങ്ങിനെയുള്ള പക്ഷം) ഏൽപിക്കേണ്ട താണ്.

15.8 വായ്പ കൊടുക്കുന്ന ആളോ അയാളുടെ ഏതെങ്കിലും ആഫീസർമാരോ ഏജന്റുമാരോ അല്ലെ ങ്കിൽ നിർദ്ദേശിയ്ക്കപ്പെടുന്നവരോ യാതൊരു കാരണവശാലോ ഏതെങ്കിലും നഷ്ടമോ നാശ

മോ, കാലഹരണമോ അല്ലെങ്കിൽ ഏതെങ്കിലും വിധത്തിലുള്ള വായ്പ വസ്തുവിനുണ്ടാകുന്ന വിലയിടിവിനോ, അല്ലെങ്കിൽ അതുമൂലം ഉണ്ടാകുന്ന വായ്പ വസ്തു വായ്പ നൽകുന്ന ആളിന്റെയോ ഓഫീസറുടെയോ ഏജന്റിന്റെയോ നിർദ്ദേശിക്കപ്പെട്ട ആളുടെയോ കൈവശത്തിൽ ഇരിയ്ക്കുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതകൾക്കോ അല്ലെങ്കിൽ ഏതെങ്കിലും നടപടി ക്രമങ്ങൾ മൂലമോ, അധികാര വിനിയോഗത്താലോ, നിവൃത്തി നടത്തിപ്പിലോ, ഉണ്ടാകുന്ന പക്ഷം വായ്പ വാങ്ങിയ ആളിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന അതേ അവസ്ഥയിലുള്ള വീഴ്ചയായി കണക്കാക്കി ആ വക നാശനഷ്ടങ്ങൾക്കും, വിലയിടിവിനും തുല്യമായ തുക വായ്പ എടുത്ത ആളിന്റെ പക്കൽ നിന്നും ഈടാക്കി എടുക്കാവുന്നതുമാണ്.

15.9 വായ്പ കൊടുക്കുന്ന ആളോ, അയാളുടെ ഏജന്റിനോ, ഓഫീസർ മാർക്കോ, നിർദ്ദേശിയ്ക്കപ്പെടുന്ന ആളിനോ യാതൊരു വിധബാദ്ധ്യതയോ, ഉത്തരവാദിത്വമോ ഇല്ലാത്തതും വായ്പ എടുത്ത ആൾ ആയത് ഇതിനോടൊപ്പം സമ്മതിച്ച് മേൽ സംഗതിയ്ക്ക് വായ്പ കൊടുത്ത ആളെയോ, ഏജന്റിനെയോ, നാമനിർദ്ദേശം ചെയ്യപ്പെട്ട ആളിനെയേ, യാതൊരു വിധ നഷ്ടത്തിനും നാശത്തിനും കാലഹരണത്തിനും ഉത്തരവാദിയാക്കുന്നതല്ലായെന്നും അല്ലെങ്കിൽ ഏതെങ്കിലും സാമഗ്രികളോ വസ്തുക്കളോ ആയത് വായ്പ വസ്തുവിൽ ഉള്ളതോ നിക്ഷേപിച്ചിട്ടുള്ളതോ വായ്പ വസ്തു കൈവശം ഏറ്റെടുക്കുകയോ കണ്ടെടുക്കുകയോ ചെയ്യുന്നതായാലും അങ്ങിനെ ചെയ്യുന്നതല്ലയെന്നും ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

## 16.0 ഈട്/ജാമ്യം

വായ്പ കൊടുക്കുന്ന ആൾ ആവശ്യപ്പെടുന്ന പക്ഷം വായ്പ എടുക്കുന്ന വ്യക്തി ഇപ്പോഴുള്ള ജാമ്യത്തിനു ഉപരിയായി മൂന്നാം പാർട്ടിയുടെ കൂടുതലായ ജാമ്യം ആയത് വായ്പ കൊടുക്കുന്ന ആളിനു കൂടി സമ്മതമായവിധത്തിൽ അധിക ഈട് വായ്പ കൊടുക്കുന്ന ആൾ തയ്യാറാക്കിയ പ്രത്യേകമായ ഫോറത്തിൽ നൽകേണ്ടതാണ്.

## 17.0 മുൻകൂർ തിരിച്ചടവ്

വായ്പ എടുക്കുന്ന ആൾ രണ്ടാം പട്ടികയിൽ പറയുന്ന പ്രകാരം വായ്പ മുൻകൂറായി വായ്പ കാലാവധിയ്ക്കു മുൻപായി തിരികെ അടച്ചു തീർക്കുവാൻ ആഗ്രഹിയ്ക്കുന്ന പക്ഷം ഒന്നാം പട്ടികയിൽ പ്രതിപാദിയ്ക്കുന്ന മുൻകൂറായി അടയ്ക്കുന്നതിന്റെ ചാർജുകൾ ബാക്കി അടയ്ക്കേണ്ട തുകയ്ക്കു മേൽ കണക്കാക്കി ടി തുക ബാക്കി വായ്പ തുകയ്ക്കു പുറമേയായി ഒടുക്കേണ്ടതുമാണ് മുൻകൂർ തിരിച്ചടവ് പ്രാബല്യത്തിൽ വരുന്ന തീയ്യതി തുക തിരികെ അടയ്ക്കുന്ന തീയ്യതി മുതലോ അല്ലെങ്കിൽ ചെക്കുകൾ ക്ലിയർ ചെയ്തതിനു ശേഷവും മാത്രമായിരിയ്ക്കുന്നതാണ്.

## 18.0 സെക്യൂരിറ്റൈസേഷൻ

വായ്പ എടുത്ത ആളും ജാമ്യക്കാരനും വ്യക്തമായി മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്ത് വായ്പ എടുത്ത ആൾ നിരുപാധികം അവകാശ അധികാരങ്ങളും ഉത്തരവാദിത്വവും വായ്പ വസ്തു വിൽക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും കൈവശപ്പെടുത്തുന്നതിനും ഉള്ള അധികാരങ്ങൾ മുഴുവനായോ ഭാഗീകമായോ വായ്പ കൊടുത്ത ആൾക്ക് സ്വീകാര്യമായ വിധത്തിലും രീതിയിലും നടത്തുന്നതിന് തീരുമാനം എടുക്കാവുന്നതാണ് എന്നും ആയതിൽ വായ്പ കൊടുത്ത ആളിന് വായ്പ എടുത്ത ആളിനെതിരായോ ജാമ്യക്കാരനെതിരായോ വായ്പ വസ്തു വാങ്ങിയ ആളിന്റെ പേരിലോ കൈമാറ്റം ചെയ്ത ആളിന്റെ നിലയിലോ കൈവശം ഏറ്റെടുത്ത ആളിന്റെ നിലയിലോ, വായ്പ എടുത്ത ആളിൽ നിന്നും പിരിഞ്ഞു കിട്ടേണ്ടതായ തുകയ്ക്ക് തുടർ നടപടികൾ സ്വീകരിയ്ക്കുന്നതിനു അല്ലെങ്കിൽ ഏതെങ്കിലും മൂന്നാം പാർട്ടി വായ്പ എടുത്ത ആളിനെയോ ജാമ്യക്കാരനേയോ രേഖാമൂലമോ അല്ലാതെയോ അറിയിക്കുകയോ ചെയ്യാതെ ഏർപ്പെടുത്തുവാനും അധികാരം ഉണ്ടായാരിയ്ക്കുന്നതാണ്.

ആ വിധത്തിലുള്ള നടപടികളും അതിൻ പ്രകാരമായ കച്ചവടം/വിൽപ്പന, കൈവശപ്പെടുത്തൽ അല്ലെങ്കിൽ കൈമാറ്റം ചെയ്യൽ മുതലായവ വായ്പ എടുത്ത ആളിനും ജാമ്യക്കാരനും ഒരു പോലെ ബാധകമായിരിക്കുന്നതും ആയത് സമ്മതിച്ച് മേൽപ്പടി മൂന്നാം പാർട്ടിയെ വായ്പ കൊടുത്ത ആളായി ഒറ്റയ്ക്കായോ വായ്പ കൊടുത്ത ആളിനോടുകൂട്ടായോ അല്ലെങ്കിൽ വായ്പ കൊടുത്ത ആളിന്റെ സകല അധികാര അവകാശങ്ങളും ഉള്ള ആളായി തുടർന്ന് എല്ലാ അധികാരങ്ങളും മൂന്നാം പാർട്ടിയ്ക്കു വേണ്ടി നടത്തി എല്ലാ ബാദ്ധ്യതകളും തിരിച്ചടവു തുകയും മൂന്നാം പാർട്ടിയ്ക്കു കൊടുക്കുകയോ/വായ്പ കൊടുത്ത ആളിനോ കൊടുക്കുകയോ അല്ലെങ്കിൽ വായ്പ കൊടുത്ത ആളിന്റെ നിർദ്ദേശ പ്രകാരമോ നടത്തേണ്ടതാണ്. വായ്പ എടുത്ത ആളും ജാമ്യക്കാരനും ഇതിനാൽ സമ്മതിച്ച് മൂന്നാം പാർട്ടിക്ക് വായ്പ തുക തിരിച്ചടവു കഴിച്ചിട്ടുള്ള തുക ഏതെങ്കിലും കാരണവശാൽ മൂന്നാം പാർട്ടിക്ക് അവരുടെ പ്രവർത്തനശൈലി കൈമാറുന്ന പക്ഷം ഏൽപിച്ചു കൊള്ളാമെന്ന്. മൂന്നാം പാർട്ടിയ്ക്ക് വായ്പ കൊടുത്ത ആളിന്റെ അതേ അധികാരം വായ്പ തുക ഈടാക്കുന്നതിനുണ്ടായിരിയ്ക്കുന്നതാണ്.

## 19.0 വായ്പ കൊടുക്കുന്ന ആളിന് ഏജന്റിനെ ഏർപ്പാടാക്കാനുള്ള അവകാശം

വായ്പ എടുത്ത ആൾ ഇതിനാൽ വ്യക്തമായി സമ്മതിയ്ക്കുന്നതാണ് വായ്പ കൊടുത്ത ആളിന് അവരുടെ അവകാശങ്ങളെ ഹനിയ്ക്കാതെ അല്ലെങ്കിൽ ആഫീസർമാർ മുഖാന്തിരമോ ജോലിക്കാർ മുഖാന്തിരമോ മുഴുവനായി അവകാശപ്പെട്ട അധികാരവും പദവിയും ആളുകളെ മൂന്നാം പാർട്ടിയായി വായ്പ എടുത്ത ആളിന്റെ ഇഷ്ടപ്രകാരം നിയമിക്കുവാനും കൈമാറ്റെ ചെയ്യുവാനും ടി മൂന്നാം പാർട്ടിയെ സകല അവകാശവും അധികാരവും ഏൽപിച്ച് വായ്പ കൊടുത്ത ആളിനുപകരമായി ഗഡുക്കൾ, പലിശ  കിട്ടാനുള്ള മറ്റു തുകകൾ മുതലായവ ശേഖരിയ്ക്കുന്നതിനും മറ്റെല്ലാവിധ  നടപടിക്രമങ്ങളും അനുബന്ധമായ കാര്യങ്ങളും അല്ലെങ്കിൽ ഇതിൽ നിന്നും ഉൽഭവിക്കുന്നതായ സംഗതികളും, അതായത് കിട്ടാനുള്ള തുകയ്ക്ക് നോട്ടീസ് നൽകുക, വായ്പ എടുത്ത ആളിന്റെ വീട്, ഓഫീസ് മുതലായ ഇടങ്ങളിൽ പോവുക അല്ലെങ്കിൽ വായ്പ എടുത്ത ആളിനെ ബന്ധപ്പെടുക അല്ലെങ്കിൽ തിരിച്ചടവും തുക സ്വീകരിയ്ക്കുക ഉൾപ്പെടെയുള്ള സംഗതികൾ മുതലായവയ്ക്ക് അധികാരപ്പെടുത്തുന്നതുമാണ്.

## 20.0 തട്ടികിഴിക്കലും കടക്കാരന് സ്വത്തു കൈവശം വയ്ക്കാനുള്ള അവകാശവും

20.1 ഈ കരാറിലെ വ്യവസ്ഥകളെ ബാധിയ്ക്കാതെ, വായ്പ കൊടുത്ത ആളിന് വായ്പ എടുത്ത ആളിന്റെയും ജാമ്യക്കാരന്റെയും എല്ലാ വസ്തുക്കളിലും അധികാരം എടുക്കാവുന്നതും ഏതെങ്കിലും തുകകൾ ഇളവു കൊടുക്കുന്നതിനും അധികാരവും ജാമ്യക്കാരന്റെയും വായ്പ എടുത്ത ആളിന്റെയും അക്കൗണ്ടുകൾ വായ്പ തിരിച്ചടവും തുക ഈടാക്കുവാനായി ബന്ധിപ്പിക്കാനും ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

20.2 വായ്പ എടുത്ത ആൾ ഇതിനാൽ മനസ്സിലാക്കി സമ്മതിയ്ക്കുന്നതാണ് ഏതെങ്കിലും കാരണവശാൽ വായ്പ എടുത്ത ആൾ തവണ തിരിച്ചടവിൽ വീഴ്ച വരുത്തുകയോ, ചാർജ്ജുകൾ ഫീസ് മുതലായവ വീഴ്ച വുരുത്തുകയോ ചെയ്താൽ കാലാവധി പിൻവലിയ്ക്കാനുള്ള അവകാശം കരാറിലെ വ്യവസ്ഥകൾക്ക് വ്യത്യാസം വരാതെ തന്നെ വായ്പ കൊടുത്ത ആളിന് തുക വായ്പ എടുത്ത ആളിന്റെയോ ജാമ്യക്കാരന്റെയോ അക്കൗണ്ടിൽ വക വരുത്തുവാനുള്ള അവകാശവും കരാർ പ്രകാരം മുടക്കം വരുത്തിയ തുകയ്ക്ക് മേൽ ഉണ്ടായിരിയ്ക്കുന്നതാണ്.

## 21.0 നോട്ടീസുകൾ

21.1 വായ്പ നൽകുന്ന സ്ഥാപനത്തിന്റെ ഓഫീസർ ഒപ്പിട്ടു എഴുതി നൽകുന്ന തിരിച്ചടയ്ക്കേണ്ടതായ തുകയ്ക്കുള്ള രേഖ വായ്പ എടുക്കുന്ന ആളിനും ജാമ്യക്കാരനും എതിരായിട്ടുള്ള

തെളിവായി കണക്കാക്കുന്നതാണ്.

22.2 വായ്പ എടുക്കുന്ന ആളിന്റെയും ജാമ്യക്കാരുടെയും മേൽ വിലാസത്തിൽ മാറ്റം ഉണ്ടാകുന്ന പക്ഷം ആയത് ഒരാഴ്ചയ്ക്കകം വായ്പ നൽകുന്ന സ്ഥാപനത്തെ അറിയിക്കേണ്ടതാണ്. ഏതെങ്കിലും നോട്ടീസോ, എഴുത്തുകളോ അല്ലെങ്കിൽ മറ്റു രേഖകളോ വായ്പ കൊടുക്കുന്ന ആൾ വായ്പ എടുത്ത ആൾക്കോ ജാമ്യക്കാരനോ അയ്ക്കേണ്ടത് കരാറിൽ കാണിച്ചിരിയ്ക്കുന്ന മേൽവിലാസത്തിലും അല്ലെങ്കിൽ വായ്പ എടുത്ത ആൾ/ജാമ്യക്കാരൻ യഥാസമയം അറിയിക്കുന്ന അഡ്രസിലോ വേണ്ടതും ആയത് രജിസ്റ്റർ ചെയ്ത് അയച്ചതിന് 48 മണിക്കൂറിനു ശേഷം വായ്പ എടുത്ത ആൾ/ജാമ്യക്കാരൻ കൈപ്പറ്റിയതായി കണക്കാക്കുന്നതുമാണ്

21.3 എല്ലാ എഴുത്തുകുത്തുകളിലും വായ്പയുടെ കോൺട്രാക്ട് നമ്പർ വായ്പ എടുത്ത ആൾ/ജാമ്യക്കാർ രേഖപ്പെടുത്തേണ്ടതാണ്.

21.4 വായ്പ സ്ഥാപത്തിലേക്കുള്ള എല്ലാ എഴുത്തുകുത്തുകളും ടി സ്ഥാപനത്തിന്റെ ഉള്ളടക്കത്തിൽ കാണിച്ചിരിക്കുന്ന കരാറിലെ പാർട്ടികളുടെ മേൽവിലാസത്തിൽ കാണിച്ചിരിയ്ക്കുന്ന മേൽവിലാസത്തിൽ അയ്ക്കേണ്ടതുമാണ്.

**22.0 ഭാഗികമായ അസാധുവാക്കൽ**

അപേക്ഷയിലേയോ ഈ കരാറിലെയോ ഏതെങ്കിലും വ്യവസ്ഥകളോ ആളുകളോ അല്ലെങ്കിൽ സാഹചര്യങ്ങളോ അസാധുവാകുകയോ, അല്ലെങ്കിൽ ഏതെങ്കിലും കാരണവശാലോ സർക്കാർ ഉത്തരവുകളാലോ നിയപരമായി നടപ്പിലാക്കുവാൻ കഴിയാതെ വരികയോ ചെയ്യുന്ന പക്ഷം കരാറിലെ ശേഷിയ്ക്കുന്ന വ്യവസ്ഥകൾക്ക് അസാധുവായ വ്യവസ്ഥകൾ ബാധകമല്ലാത്തതിനാൽ ശേഷം വ്യവസ്ഥകൾ സാധുവായിട്ടുള്ളതും മുഴുവനായും നിയമപരമായി നടപ്പിലാക്കുവാൻ കഴിയുന്നതുമാണ്. ഏതെങ്കിലും അസാധുവായതോ നിയമപരമായി നടപ്പിലാക്കുവാൻ കഴിയാത്തതോ ആയ ഈ കരാറിലെ വ്യവസ്ഥകൾക്കു പകരം മറ്റു സാധുവായ, നിയമപരമായി നടപ്പിലാക്കാവുന്ന വ്യവസ്ഥകൾ കരാറിലെ നടപ്പിലാക്കുവാൻ പറ്റാത്ത വ്യവസ്ഥകൾ ഉദ്ദേശിച്ചിരുന്ന ഘടനയ്ക്ക് അർത്ഥ വ്യത്യാസം വരാതെ കരാറിലെ പാർട്ടികളുടെ ഉഭയ സമ്മതപ്രകാരം മാറ്റിച്ചേർക്കുന്നതാകുന്നു.

**23.0 നിയമം, അധികാരപരിധി, ഒത്തുതീർപ്പാക്കൽ**

(1) എല്ലാ വ്യവഹാരങ്ങളും തർക്കങ്ങളും അല്ലെങ്കിൽ ഈ കരാറിർ നിന്നുൽഭവിയ്ക്കുന്നതോ കരാറിനെ സംബന്ധിച്ചോ ഉള്ള എന്തെങ്കിലും അവാകശവാദങ്ങൾ കരാർ കാലാവധിയിലോ അതിനുശേഷമോ ഉണ്ടാകുന്ന പക്ഷം ആയത് ആർബിട്രേഷൻ ആന്റ് കൺസീലിയേഷൻ ആക്, 1996 ലെ ഒത്തു തീർപ്പാക്കൽ നടപടികൾ പ്രകാരം തീർപ്പുകൽപ്പിയ്ക്കുന്നതും അല്ലെങ്കിൽ ഏതെങ്കിലും മറ്റു നിയമപരമായ ഭേദഗതികൾ ഉണ്ടെങ്കിൽ ആയതും വായ്പ നൽകുന്ന ആളിന്റെ തീരുമാനത്തിലുള്ള ആർബിട്രേറ്ററുടെ അന്തിമമായ തീരുമാനത്തിനു വിധേയമായിരിക്കുന്നതുമാണ്. ആർബിട്രേറ്ററുടെ തീരുമാനം (അവാർഡ്) അന്തിമമായിരിക്കുന്നതും ഈ കരാറിൽ പറയപ്പെടുന്ന വായ്പ എടുക്കുന്ന ആളിനും ജാമ്യക്കാർക്കും ഒരു പോലെ ബാധകവുമായിരിയ്ക്കുന്നതുമാണ്.

(2) വായ്പ എടുക്കുന്ന ആൾ വരുത്തുന്ന തവണ മുടക്കവും (ഗഡുക്കൾ മുടക്കം വരുത്തൽ) തർക്കമായി കണക്കാക്കി കരാറിലെ 14-ാം ഖണ്ഡത്തിൽ പ്രതിപാദിച്ചിരിയ്ക്കുന്ന പ്രകാരം ആർബിട്രർക്ക് വിടാവുന്നതും തീർപ്പുകൽപ്പിയ്ക്കപ്പെടുന്നതും ആണ്. ഇതോടൊപ്പമുള്ള കരാറിലെ വ്യവസ്ഥപ്രകാരം നിയമിക്കപ്പെടുന്ന ആർബിട്രേറ്റർക്ക് എന്തെങ്കിലും ശാരീരികമായ വൈകല്യമോ അല്ലെങ്കിൽ മരണപ്പെടുകയോ ചെയ്യുന്ന പക്ഷം വായ്പ കൊടുക്കുന്ന സ്ഥാപനത്തിന് മറ്റൊരാളെ ആർബിട്രേറ്ററായി നിയമിക്കുവാൻ അർഹതയുണ്ട്. അങ്ങിനെ നിയമിക്കപ്പെടുന്ന ആർബിട്രേറ്റർക്ക് അദ്ദേഹത്തിന്റെ മുൻഗാമി നിർത്തിവച്ചിരിയ്ക്കുന്ന ഭാഗത്തു

നിന്നും നടപടികൾ ആരംഭിയ്ക്കുവാൻ അധികാരമുണ്ടായിരിയ്ക്കുന്നതുമാണ്.

(3) ഒത്തുതീർപ്പാക്കൽ/ആർബിട്രേഷൻ നടത്തപ്പെടുന്നത് ചെന്നൈയിലും ആയിരിക്കുന്നതാണ് ഒത്തുതീർപ്പാക്കൽ/ആർബിട്രേഷൻ നടപടികൾ നടത്തുപ്പെടുന്ന ഭാഷ ഇംഗ്ലീഷ് ആയിരിക്കുന്നതുമാണ്.

(4) ടി നടപടികൾക്കായി നിയമിതനായ ആർബിട്രേറ്റർക്ക് വായ്പ അനുഭയ്ക്കപ്പെട്ട വസ്തുവിലും വായ്പ എടുത്ത ആളോ ജാമ്യക്കാരോ ഈടായി നൽകപ്പെട്ടു/ ജാമ്യം നൽകപ്പെട്ട മറ്റു വസ്തുക്കളിൽ മേലും തീർപ്പുകൽപ്പിയ്ക്കുവാൻ അധികാരവകാശങ്ങൾ ഉണ്ടായിരിയ്ക്കുന്നതുമാണ്.

(5) വായ്പ കൊടുക്കുന്ന ആളിനും വായ്പകൈപ്പറ്റുന്ന ആളിനും ഉള്ള എല്ലാ നോട്ടീസുകളും അറിയിപ്പുകളും താഴെപ്പറയുന്ന മേൽവിലാസങ്ങളിൽ ആയിരിക്കേണ്ടതാണ്.

**വായ്പകൊടുക്കന്ന ആൾ** – ഹിന്ദുജ ലെയ്ലാന്റ് ഫിനാൻസ് നം.1, സർദാർ പട്ടേൽ റോഡ്, ഗിണ്ടി, ചെന്നൈ-600 032, തമിഴ്നാട്, ഇന്ത്യ

**വായ്പ എടുക്കുന്ന ആൾ** – പട്ടികയിൽ പ്രതിപാദിച്ചിരിയ്ക്കുന്ന വീടിന്റെ മേൽവിലാസം അല്ലെങ്കിൽ പട്ടികയിൽ പ്രതിപാദിച്ചിരിയ്ക്കുന്ന സ്ഥലത്തിന്റെ അഡ്രസ്സ്

24.0 **മൊത്തം കരാർ**

ഈ കരാറും (ഒന്നും രണ്ടും പട്ടികകൾ ഉൾപ്പെടെ) വായ്പ കൊടുക്കുന്ന സ്ഥാപനത്തിന്റെ പേരിൽ വായ്പ എടുക്കുന്ന ആൾ ഹാജരാക്കുന്ന രേഖകളും ഹാജരാക്കാനുള്ള രേഖകളും കരാറിലെ പ്രതിപാദ്യ സംഗതിയുടെ മൊത്തമായ കരാറായി കണക്കാക്കപ്പെടുന്നു.

25.0 **വായ്പ കൊടുക്കുന്ന ആളിന്റെ വെളിപ്പെടുത്തലുകൾ**

ഈ വായ്പയുടെ ആവശ്യത്തിലേയ്ക്കായി വായ്പ എടുക്കുന്ന ആളും/ജാമ്യക്കാരും വായ്പ കൊടുക്കുന്ന ആളിനു കൈമാറിയിട്ടുള്ള വിവരങ്ങൾ അല്ലെങ്കിൽ ഈ കരാറിൽ ഉള്ളതായവ ഏതെങ്കിലും വായ്പ സ്ഥാപനത്തിനോ അല്ലെങ്കിൽ വായ്പ എടുക്കുന്ന ആൾ നിർദ്ദേശിയ്ക്കപ്പെടുന്ന ആളിനോ കൈമാറുന്നതിന് യാതൊരു വിരോധവും ഇല്ലെന്ന് വായ്പ എടുക്കുന്ന ആളും ജാമ്യക്കാരും ഇതിനാൽ സമ്മതിച്ചുകൊള്ളുകയും ആയത് തർക്കവിഷയമാക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്യുകയില്ലെന്നും ഇതിനാൽ സമ്മതിയ്ക്കുന്നു.

26.0 **കാലാവധിയും പിരിച്ചുവിടലും**

ഈ കരാറിന്റെ കാലാവധി ഈ കാരറിന്റെ തീയ്യതി മുതൽ ആരംഭിയ്ക്കുന്നതും വായ്പ എടുത്ത ആൾ വായ്പ കുടിശ്ശിക/ബാദ്ധ്യത മുഴുവൻ പലിശ, മറ്റു കരാറിൽ നിർണ്ണയിക്കപ്പെടുന്ന ചാർജുകൾ മുഴുവനായി വായ്പ കൊടുക്കുന്ന ആളഇനു കൊടുത്തു തീർക്കുന്ന മുറയ്ക്ക് തീരുന്നതുമാണ്.

27.0 **പലവക**

27.1 **ഭാഷ**

പാർട്ടികൾ തമ്മിൽ എല്ലാ എഴുത്തുകുത്തുകളും മറ്റു ഇടപാടുകളും ഇംഗ്ലീഷിൽ മാത്രം ആയിരിക്കുന്നതാണ്.

27.2 **ഭേദഗതികൾ**

കരാറിലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്യുവാന് പാടി

ല്ലാത്തതുമാണ്. എന്നാൽ ഖണ്ഡിക 2 (2.3) ൽ പ്രതിപാദിയ്ക്കുന്ന പലിശ നിരക്കിൽ വരുന്ന വ്യതിയാനത്താലോ ഖണ്ഡിക 2 (2.11) ൽ പ്രദിപാദിയ്ക്കുന്ന തവണ/ഗഡുക്കളുടെ കാലാവധി പുനർനിർണയിക്കപ്പെടുമ്പോഴോ മാറ്റം വരുത്തുമ്പോഴോ കരാറിലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്താതെ വായ്പ എടുക്കുന്ന ആളും വായ്പ എടുത്ത ആളും എഴുതി ഒപ്പിട്ടു നൽകുന്ന മുറയ്ക്ക് മൂല്യം ഉണ്ടായിരിയ്ക്കുന്നതാണ്

27.3 **നിക്ഷിപ്തമായ അവകാശങ്ങൾ**

വായ്പ കൊടുക്കുന്ന ആൾക്ക് അവകാശപ്പെട്ട പോംവഴികളും ഈ കരാറിൽ പ്രതിപാദിച്ചിരിയ്ക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും നിയമത്താൽ അനുശാസിക്കുന്നതോ, സിവിൽ, എല്ലാവർക്കുബാധകമായ മറ്റു നിയമങ്ങൾ, രീതി, ഉപയോഗം ട്രേഡ് മുതലായ അധിഷ്ടിതമായ മറ്റു പകരമായ വ്യവസ്ഥകളില്ലാത്തപക്ഷം അതാതു സമയം കാര്യക്ഷമമായും നടപ്പിലാക്കേണ്ടതാണ്.

27.4 **വായ്പ കരാറിന്റെ ഗുണങ്ങൾ**

ഈ വായ്പകരാർ ഇരുകക്ഷികൾക്കും ഒരുപോലെ ബാധകമായിരിയ്ക്കുന്നതും ഇരു കൂട്ടരുടെയും അവരുടെ പിൻഗാമികളുടെയും/പിൻമുറക്കാരുടെയും/നടത്തിപ്പുകാരുടെയും/ആയതിൽ പക്ഷം അവരുടെയും പ്രയോജനം ലക്ഷ്യമിട്ടുള്ളതുമാണ്.

27.5 ഏതെങ്കിലും നിക്ഷിപ്തമായ അവകാശമോ, പോം വഴികളോ അധികാരമോ വായ്പ കൊടുക്കുന്ന ആൾക്ക് ഈ കരാർ പ്രകാരം സിദ്ധിച്ചാൽ നടപ്പിലാക്കുവാൻ കാലതാമസം വരുന്ന പക്ഷമോ നടപ്പിലാക്കുവാൻ വിട്ടുപോവുകോയ ചെയ്യുന്ന പക്ഷം.....

27.6 വായ്പ എടുക്കുന്ന ആളുടെയും ജാമ്യക്കാരന്റെ ബാദ്ധ്യത ഒന്നായും കൂട്ടായും ഉള്ളതാണ്.

28.0 **സ്വീകാര്യത**

വായ്പ എടുക്കുന്ന ആളും ജാമ്യക്കാരനും താഴെപ്പറയുന്ന കാര്യങ്ങൾ സമ്മതിച്ചിരിയ്ക്കുന്നു.

28.1 വായ്പക്കാരനും ജാമ്യക്കാരനും കരാറിലെ മൊത്തം വ്യവസ്ഥകൾ വായിച്ചും പട്ടികയിൽ പറഞ്ഞിരിയ്ക്കുന്ന വിവരങ്ങൾ എല്ലാം അവരുടെ സാന്നിദ്ധ്യത്തിൽ പൂരിപ്പിച്ചിട്ടുള്ളതാണ്. ഇരുകക്ഷികൾക്കും കരാറിലെ എല്ലാ വ്യവസ്ഥകൾക്കും വിധേയമായതും ബാദ്ധ്യതയുള്ളതുമാണ്.

28.2 ഈ കരാറും മറ്റു രേഖകളും അനുബന്ധ വ്യവസ്ഥകളും ഇരു കൂട്ടർക്കും അറിയാവുന്ന ഭാഷയിൽ വായിച്ചു മനസ്സിലാക്കിയിട്ടുള്ളതും കരാറിന്റെ എല്ലാ വ്യവസ്ഥകളും പട്ടികകളും അർത്ഥ വ്യാപ്തിയും മനസ്സിലാക്കിയിട്ടുള്ളതുമാണ്.

28.3 ഇരുകൂട്ടരും ഈ കരാറിലെ വ്യവസ്ഥകൾ എല്ലാ വായ്പ കൊടുക്കുന്ന സ്ഥാപനത്തിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥങ്ങൾ ഒപ്പുവയ്ക്കുന്ന തീയ്യതി മുതൽ നിയമപരമായി ബാദ്ധ്യസ്ഥരാണെന്ന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.